3582
4.12.15

**'ഭരണഭാഷ – മാതൃഭാഷ'**

അഡീഷണൽ എക്സൈസ് കമ്മീഷണറുടെ കാര്യാലയം,
(എൻഫോഴ്സ്മെന്റ്), നന്ദാവനം, തിരുവനന്തപുരം –33
✆ 0471-2322146, ✉ addlecenfo.exc@kerala.gov.in.

എക്സ്.ജെ6–1538/15

തീയതി: 01.12.2015

# സർക്കുലർ

വിഷയം – എക്സൈസ് എൻഫോഴ്സ്മെന്റ് – ഡിപ്പാർട്ടുമെന്റുവക വാഹനങ്ങളുടെ അറ്റകുറ്റപണികൾക്ക് അപേക്ഷിക്കുന്നത് – സംബന്ധിച്ച്.

എക്സൈസ് വകുപ്പിൽ അന്യത്ര സേവനം അനുഷ്ഠിച്ചിരുന്ന PWD മെക്കാനിക്കൽ എഞ്ചിനീയറുടെ ഔദ്യോഗിക കാലാവധി അവസാനിച്ചതിനെ ത്തുടർന്ന് ടിയാന്റെ ലാവണത്തിലേക്ക് തിരികെ പോയിട്ടുള്ളതിനാലും തൽസ്ഥാനത്ത് പുതിയ ആളെ പകരം നിയമിച്ചിട്ടില്ലാത്തതിനാലും നിലവിൽ ഡിപ്പാർട്ടുമെന്റുവക വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കും ടയർ, ബാറ്ററി എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും മറ്റും സമർപ്പിയ്ക്കപ്പെടുന്ന അപേക്ഷകളിന്മേൽ PWD മെക്കാനിക്കൽ എഞ്ചിനീയറുടെ 'സാങ്കേതിക ഉപദേശം' അടങ്ങുന്ന ആവശ്യകതാ സർട്ടിഫിക്കറ്റ് (Essentiality Certificate) ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. തന്മൂലം അനുമതി ഉത്തരവുകൾക്ക് ശുപാർശ സമർപ്പിയ്ക്കുവാൻ സാധിയ്ക്കാത്ത അവസ്ഥയിലാണ്. പ്രസ്തുത സാഹചര്യത്തിൽ ടി ഒഴിവിലേയ്ക്ക് പകരം മെക്കാനിക്കൽ എഞ്ചിനീയറെ നിയമിക്കുന്നതുവരെയുള്ള കാലയളവിൽ സർക്കാർ വാഹനം അറ്റകുറ്റപണികൾ ചെയ്യുന്നതിനും മറ്റുമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് മുന്നോടിയായി ചുവടെ ചേർത്തിട്ടുള്ള ലിസ്റ്റിൻ പ്രകാരം PWD സബ് ഡിവിഷനുകളിലേയ്ക്ക് ബന്ധപ്പെട്ട എക്സൈസ് ഡിവിഷനുകളിൽ നിന്നുള്ള അപേക്ഷകൾ സമർപ്പിച്ച് നിശ്ചിത competent authority യുടെ Essentiality Certificate ലഭ്യമാക്കി ആയതു സഹിതം ടി അപേക്ഷകൾ ഉചിത മാർഗ്ഗേണ അനുമതി ഉത്തരവിനായി സമർപ്പിയ്ക്കുവാൻ നിർദ്ദേശിക്കുന്നു.

3.12.15
CZ2

| | | |
|---|---|---|
| 1 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, തിരുവനന്തപുരം | തിരുവനന്തപുരം, കൊല്ലം എക്സൈസ് ഡിവിഷനുകൾക്കുവേണ്ടി. |
| 2 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, മാവേലിക്കര | പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എക്സൈസ് ഡിവിഷനുകൾക്കുവേണ്ടി. |
| 3 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, ചാലക്കുടി | എറണാകുളം, തൃശ്ശൂർ, ഇടുക്കി എക്സൈസ് ഡിവിഷനുകൾക്കുവേണ്ടി. |

| | | |
|---|---|---|
| 4 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, കോഴിക്കോട് | പാലക്കാട്, മലപ്പുറം, കോഴിക്കോട് എക്സൈസ് ഡിവിഷനുകൾക്കുവേണ്ടി. |
| 5 | PWD മെക്കാനിക്കൽ സബ് ഡിവിഷൻ, കണ്ണൂർ | വയനാട്, കണ്ണൂർ, കാസർഗോഡ് എക്സൈസ് ഡിവിഷനുകൾക്കുവേണ്ടി. |

അഡീഷണൽ എക്സൈസ് കമ്മീഷണർക്കുവേണ്ടി.

ഗ്രാഹകൻ

അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)
വിജിലൻസ് ഓഫീസർ (എക്സൈസ്)
പ്രിൻസിപ്പാൾ, SEARC, തൃശ്ശൂർ
എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും
എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എല്ലാ സബ് ഓഫീസുകളിലും ടി സർക്കുലറിന്റെ പകർപ്പുകൾ ലഭ്യമാക്കിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്)
എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും

പകർപ്പ്

എക്സൈസ് കമ്മീഷണർ, കേരളം, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (എൻഫോഴ്സ്മെന്റ്) സി.എ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Sh02/12/15